LIBRARY ARCHIVES Kerala Legislative Assembly

കേരള നിയമസഭാ നടപടികൾ

പതിനൊന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

2004 ജനുവരി 22, വ്യാഴം

വാല്യം CXX] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 6

നിയമസഭ 2004 ജനുവരി മാസം 22-ാം തീയതി വ്യാഴാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. വക്കം പുരുഷോത്തമന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ..... ഓർഡർ....., ചോദ്യം നമ്പർ—91

വിദേശ മലയാളികൾക്ക് സഹകരണ ബാങ്ക്

*1 [91] ശ്രീ. പി. ജെ. ജോയി :
,, എൻ. ഡി. അപ്പച്ചൻ:
പ്രൊഫ. സാവിത്രി ലക്ഷ്മണൻ:
ശ്രീ. വി. ബാലറാം:
,, ജോർജ് ജെ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശ മലയാളികൾക്കുവേണ്ടി ഒരു സഹകരണ ബാങ്ക് ആരംഭിക്കുവാൻ ഉദ്ദേശ്യമുണ്ടോ;

(ബി) പ്രസ്തുത ബാങ്ക് ആരംഭിക്കുന്നതിന് റിസർവ് ബാങ്കിന്റെ ലൈസൻസ് ആവശ്യമാണോ; എങ്കിൽ അത് ലഭിച്ചിട്ടുണ്ടോ; ആയതിന്റെ ഓതറൈസ്ഡ് ഷെയർ ക്യാപ്പിറ്റൽ എത്രയാണ്; ഇതിന്റെ ആസ്ഥാനം എവിടെ സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ?

സഹകരണവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വി. രാഘവൻ): സർ,

(എ) ഉണ്ട്.

(ബി) റിസർവ് ബാങ്കിന്റെ ലൈസൻസ് ആവശ്യമാണ്. ലൈസൻസ് നാളിതു വരെ ലഭിച്ചിട്ടില്ല. നിർദ്ദിഷ്ട നിയമാവലി പ്രകാരം ഓതറൈസ്ഡ് ഷെയർ ക്യാപ്പിറ്റൽ 10 കോടി രൂപയാണ് നിശ്ചയിച്ചതെങ്കിലും റിസർവ് ബാങ്ക് നിർദ്ദേശിച്ചത് ബാങ്കിംഗ് കമ്പനിയായി രജിസ്റ്റർ ചെയ്യാനാണ്. അതിന് 200 കോടി രൂപയുടെ ഓഹരി വേണം. ഇതു സംബന്ധിച്ച ചർച്ച നടക്കുകയാണ്. നിയമാവലിയിലെ വ്യവസ്ഥ അനുസരിച്ച് ഇതിന്റെ ആസ്ഥാനം തിരുവനന്തപുരമാണ്.

ശ്രീ. പി. ജെ. ജോയി: സർ, വിദേശമലയാളികൾക്കുവേണ്ടി ഒരു സഹകരണ ബാങ്ക് ആരംഭിക്കാൻ ഉദ്ദേശ്യമുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. ഇത് നമ്മുടെ സംസ്ഥാനത്തെ നിക്ഷേപം വർദ്ധിപ്പിക്കാനുതകുമെന്നുള്ളതിനു പുറമെ എന്തെല്ലാം നേട്ടങ്ങളാണ് ലക്ഷ്യമിട്ടിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ?

ശ്രീ. എം. വി. രാഘവൻ: സർ, വിദേശ മലയാളികൾ അവരുടെ ഡെപ്പോസിറ്റ് ഗൾഫ് രാജ്യങ്ങളിലും മറ്റു ബാങ്കുകളിലുമാണ് നിക്ഷേപിക്കുന്നത്. അവിടെ രണ്ട് ശതമാനമാണ് പലിശ കിട്ടുന്നത്. അതു തന്നെയില്ല, അതിലും കുറവാണ്. ഇവിടെയാണെങ്കിൽ അവർക്ക് കൂടുതൽ പലിശ കിട്ടും. നമ്മുടെ ഡെവലപ്പ്മെന്റിനും മറ്റാവശ്യങ്ങൾക്കും ഈ ഡെപ്പോസിറ്റ് ഉപയോഗിക്കാൻ കഴിയും. ഇത്തരമൊരു നിർദ്ദേശം 'ജിം'-ൽ ഉയർന്നു വന്നതാണ്. അതുകൊണ്ടാണ് ഈ സംരംഭം ആരംഭിക്കാൻ ആലോചിച്ചത്.

ശ്രീ. പി. ജെ. ജോയി: സർ, ഇത്തരമൊരു ബാങ്ക് തുടങ്ങാൻ റിസർവ് ബാങ്കിന്റെ അനുമതി ആവശ്യമുണ്ട് എന്ന് ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി പാർലമെന്റിൽ ബാങ്കിംഗ് റഗുലേഷൻ ആക്ട് ഭേദഗതി ചെയ്യാൻ ഒരു നിയമം കൊണ്ടു വന്നതിനെക്കുറിച്ച് പത്രങ്ങളിൽ വായിച്ചു. ആ നിയമം നമ്മുടെ സംസ്ഥാനത്ത് നടപ്പാക്കിയാൽ സഹകരണ മേഖലയെ മൊത്തത്തിൽ ദോഷമായി ബാധിക്കുമെന്നുള്ള വസ്തുത മനസ്സിലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് പാസ്സാകാതിരിക്കാനുള്ള എന്തെങ്കിലും സമ്മർദ്ദം കേന്ദ്ര ഗവൺമെന്റിൽ ചെലുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. വി. രാഘവൻ: ബാങ്കിംഗ് റെഗുലേഷൻ ആക്ടിൽ സഹകരണ മേഖലയ്ക്ക് ബാധകമാകുന്ന ഒരു ഭേദഗതിയാണ് പാർലമെന്റിൽ ധനകാര്യ വകുപ്പു മന്ത്രി അവതരിപ്പിച്ചത്. ഇപ്പോൾ ബാങ്ക് എന്ന് പേരുള്ള എല്ലാ സ്ഥാപനങ്ങളേയും ബാങ്കിംഗ് റെഗുലേഷൻ ആക്ടിന്റെ പരിധിയിൽ കൊണ്ടുവരാനാണ് ശ്രമിക്കുന്നത്. നമ്മളെ സംബന്ധിച്ചിടത്തോളം ഇത് ഗുരുതരമായ പ്രത്യാഘാതമുണ്ടാക്കും. കാരണം അതിൽ പറയുന്നത്, ഡെപ്പോസിറ്റ് മ്യൂച്ചൽ ഫണ്ടിലേക്കും മറ്റും കൊടുക്കാനാണ്. നമ്മുടെ 12,000 കോടി രൂപയുടെ ഡെപ്പോസിറ്റ് കൃഷിക്കാർക്കും ജനങ്ങൾക്കും കടം കൊടുക്കണം. അതുപോലെ അനേകം കാര്യങ്ങൾ ഉണ്ട്. ബാങ്കിംഗും നിയമവും സാമ്പത്തികകാര്യങ്ങളുമെല്ലാം അറിയാവുന്ന ആൾ ഡയറക്ടറായാൽ മതിയെന്നാണ് പറയുന്നത്. എം. ഡി.-യേയും ചെയർമാനേയുമെല്ലാം റിസർവ്വ് ബാങ്ക് നിശ്ചയിക്കുമെന്നാണ് അറിയുന്നത്. കേരളത്തിലെ പ്രൈമറി ബാങ്കുകളെ ഏറ്റവും പ്രതികൂലമായി ബാധിക്കുന്നതാണിത്. അതുകൊണ്ടുതന്നെ കേരളാ ഗവൺമെന്റിനുവേണ്ടി ഞാനും പാർലമെന്റ് മെമ്പർമാരും ധനകാര്യ മന്ത്രിക്ക് നിവേദനം കൊടുത്തിരുന്നു. പരിഗണിക്കാമെന്ന് പറഞ്ഞു. വെസ്റ്റ് ബംഗാൾ കോ-ഓപ്പറേഷൻ മിനിസ്റ്റർ വിളിച്ചുകൂട്ടിയ ആൾ ഇന്ത്യാ സഹകാരികളുടെ കോൺഫറൻസിലും പങ്കെടുത്തിരുന്നു. ബി.ജെ.പി. ഉൾപ്പെടെ എല്ലാ കക്ഷിയിൽപ്പെട്ട മന്ത്രിമാരും ഇതിനെതിരായിട്ട് ശബ്ദമുയർത്തുകയുണ്ടായി.

ശ്രീ. എൻ. ഡി. അപ്പച്ചൻ: സർ, വിദേശമലയാളികൾ നിക്ഷേപിക്കുന്ന പണം സംസ്ഥാനത്തിന്റെ വികസന ആവശ്യങ്ങൾക്കുവേണ്ടി പ്രയോജനപ്പെടുത്താൻ കഴിയുമോ എന്നുള്ള കാര്യം വ്യക്തമാക്കുമോ?

ശ്രീ. എം. വി. രാഘവൻ: സർ, ഗൾഫ് രാജ്യങ്ങളിൽ ഡെപ്പോസിറ്റ് ചെയ്യുന്നതുകയ്ക്ക് ഇന്ററസ്റ്റ് വളരെ കുറവാണ്. 2 ശതമാനംപോലും കിട്ടുന്നില്ല. ജപ്പാൻ പോലുള്ള രാജ്യങ്ങളിൽ പലിശ അങ്ങോട്ട് കൊടുക്കണമെന്നാണ്. അതുകൊണ്ട് അവരുടെ ഡെപ്പോസിറ്റ് കിട്ടുകയാണെങ്കിൽ പല വികസന പ്രവർത്തനങ്ങൾക്കും ഉപയോഗിക്കാൻ കഴിയും. അവർക്കും ഗുണമാണ്, നമുക്ക് രണ്ടു ശതമാനത്തിനു പകരം കൂടുതൽ പലിശ കൊടുക്കാനും കഴിയും.

ശ്രീ. എൻ. ഡി. അപ്പച്ചൻ: സർ, വിദേശ മലയാളികൾക്കുവേണ്ടി സഹകരണ ബാങ്ക് ആരംഭിക്കാൻ പോകുന്നു എന്നു പറഞ്ഞു. ബാങ്കിംഗ് റെഗുലേഷൻ ആക്ടിലെ വ്യവസ്ഥകൾക്കനുസരിച്ചാണോ ബാങ്കിന്റെ പ്രവർത്തനങ്ങൾ നടത്താൻ ഉദ്ദേശിക്കുന്നത്?

ശ്രീ. എം. വി. രാഘവൻ: സർ, ബാങ്കിംഗ് റഗുലേഷൻ ആക്ടിന്റെ വ്യവസ്ഥ അനുസരിച്ച് റിസർവ്വ് ബാങ്കിന്റെ അംഗീകാരമില്ലാതെ വിദേശ നിക്ഷേപം സ്വീകരിക്കുക എന്ന അർത്ഥത്തിൽ ഒരു സ്ഥാപനവും നടത്തിക്കൊണ്ടുപോകാൻ കഴിയില്ല. അതുകൊണ്ടാണ് റിസർവ്വ് ബാങ്കിന്റെ അനുവാദം ചോദിച്ചത്.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ: സർ, Anywhere Banking System എന്നൊരു ഏർപ്പാടിനെക്കുറിച്ച് കേട്ടു തുടങ്ങിയിട്ടുണ്ട്. സംസ്ഥാന സഹകരണ ബാങ്കും ജില്ലാ സഹകരണ ബാങ്കുകളും സംയോജിച്ച് പ്രവർത്തിക്കാൻ പോകുന്നു എന്നൊക്കെയാണ് പറയുന്നത്. എന്താണ് Anywhere Banking System? അതിനെ വിദേശ മലയാളികൾക്കായി തുടങ്ങാൻ പോകുന്ന സഹകരണ ബാങ്കുമായി ബന്ധപ്പെടുത്താൻ എന്തെങ്കിലും ആലോചനയുണ്ടോ?

ശ്രീ. എം. വി. രാഘവൻ: സർ, Anywhere Banking System-ത്തിന് എൻ. ആർ. ഐ. അക്കൗണ്ടുമായി ബന്ധമൊന്നുമില്ല. Anywhere Banking System എന്നു പറഞ്ഞാൽ, സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കും ഡിസ്ട്രിക്ട് ബാങ്കുകളും ചെക്കുകൾ കൈമാറുന്ന ബാങ്കുകളുമാണ്.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ: സർ, വിദേശ മലയാളികൾ എന്നു പറയുമ്പോൾ അതിൽ നല്ലൊരു പങ്ക് സാധാരണക്കാരായ തൊഴിലാളി കുടുംബങ്ങളിൽ നിന്ന് എത്തുന്ന പാവങ്ങളാണ്. ആ സ്ഥിതിക്ക് സഹകരണ ബാങ്കിലെ അംഗങ്ങളാകുന്ന പ്രവാസികൾക്ക് പരിധിരഹിതമായി പലിശരഹിത വായ്പ കൊടുക്കാനും അത് പണത്തിന്റെ രൂപത്തിലോ സാധനങ്ങളുടെ രൂപത്തിലോ നൽകാനുമുള്ള സംവിധാനങ്ങൾ ഏർപ്പാട് ചെയ്യുമോ?

ശ്രീ. എം. വി. രാഘവൻ: സർ, പലിശരഹിത വായ്പ ഉദ്ദേശിക്കുന്നില്ല. ചെറുതായാലും അവർക്ക് പലിശ കൊടുത്തിട്ടേ ഡെപ്പോസിറ്റ് വാങ്ങാൻ കഴിയൂ. അതുകൊണ്ട് പലിശരഹിതമല്ല. ഇന്നുള്ള പലിശയിൽ പകുതിയോ മറ്റോ കുറച്ചു കൊടുക്കാൻ കഴിയും.

ശ്രീ. ജോർജ് ജെ. മാത്യു: സർ, സ്വാശ്രയ മേഖലയിൽ കോ-ഓപ്പറേഷൻ നിയമം കൊണ്ടുവരുമെന്ന് പറഞ്ഞിട്ട് കുറേ നാളുകളായി. പുതുതായി വിദേശികൾക്കുള്ള ബാങ്ക് ആരംഭിക്കുമ്പോൾ സ്വാശ്രയമേഖലയിലാക്കാനുള്ള നടപടി സ്വീകരിക്കുമോ? ആ നിയമം എന്നത്തേക്ക് പാസ്സാകും?

ശ്രീ. എം. വി. രാഘവൻ: സർ, എൻ. ആർ. ഐ.-ക്കാർ സ്വാശ്രയ നിയമത്തിന്റെ പരിധിയിൽ ഇല്ല. ഭരണഘടനയനുസരിച്ച് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ നടത്തിക്കൊണ്ടുപോകുന്നതിനുള്ള നിയമം നിലനിൽക്കെ മറ്റൊരു നിയമംകൂടി വരുന്നത് സ്വതന്ത്രമായി പ്രവർത്തിക്കുന്നതിനാണ്. എൻ. ആർ. ഐ. ബാങ്കുമായി ഒരു ബന്ധവുമില്ല.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജോർജ് ജെ. മാത്യു: സർ, വിദേശികൾ ഈ ബാങ്കിൽ പണം നിക്ഷേപിക്കുകയാണെങ്കിൽ സ്വാഭാവികമായിട്ടും അവർ മറ്റു ബാങ്കുകൾ ഈടാക്കുന്നതുപോലുള്ള പലിശ ഈടാക്കും. എന്നാൽ നിലവിലുള്ള കോ-ഓപ്പറേറ്റീവ് ബാങ്കിൽ പണം നിക്ഷേപിക്കുകയാണെങ്കിൽ അവർക്ക് സാധാരണ ബാങ്കുകൾ നൽകുന്നതിനേക്കാൾ കൂടുതൽ പലിശ ലഭിക്കും. അതിനുവേണ്ടി ഈ കാര്യങ്ങൾ ആലോചിച്ച് ചെയ്യാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. എം. വി. രാഘവൻ: സർ, അതെല്ലാം ആലോചിച്ചുകൊണ്ടുതന്നെയാണ് നടപടി എടുക്കുന്നത്.

ശ്രീ. എം. വി. ജയരാജൻ: സർ, വിദേശ മലയാളികൾക്ക് വേണ്ടി ബാങ്ക് രൂപീകരണത്തിന് ആർ. ബി. ഐ.-യുടെ അനുമതി ലഭിക്കേണ്ടതുണ്ട് എന്ന് പറഞ്ഞു. ആർ.ബി.ഐ.-യുടെ അനുമതിയുമായി ബന്ധപ്പെട്ടുകൊണ്ടാണ് ശ്രീ. പി. ജെ. ജോയി ചോദിച്ച ബാങ്കിംഗ് റഗുലേഷൻ ആക്ടിലെ ഭേദഗതി പ്രശ്നം ഉയർന്നുവരുന്നത്. കേരളത്തിലെ സഹകരണ മേഖലയിലെ ക്രെഡിറ്റ് സ്ഥാപനങ്ങളെ പ്രതികൂലമായി ബാധിക്കുന്ന ഈ കാര്യത്തിൽ സംസ്ഥാന ഗവൺമെന്റ് ഒരു നിലപാട് സ്വീകരിച്ചത് സ്വാഗതാർഹമാണ്. ഞാനിവിടെ ചൂണ്ടിക്കാണിക്കുന്ന വിഷയം, സംസ്ഥാനങ്ങളുടെ അവകാശങ്ങൾ കവർന്നെടുക്കുന്ന പ്രശ്നങ്ങൾ കൂടി ഈ നിർദ്ദിഷ്ട ബാങ്കിംഗ് റെഗുലേഷൻ ഭേദഗതി നിയമത്തിൽ വന്നിരിക്കുകയാണ്. ഒട്ടേറെ തവണ ഇതുപോലുള്ള പ്രശ്നങ്ങൾ ഉയർന്നു വരുമ്പോൾ നമ്മുടെ ഫെഡറൽ തത്വത്തിന് തന്നെ എതിരായിട്ടുള്ള നിലപാട് വരുന്നു എന്നത് സുപ്രീംകോടതിയിൽ ഡിസ്ക്കസ് ചെയ്ത സന്ദർഭത്തിൽ വന്നതാണ്. ഏറ്റവും ഒടുവിൽ വന്ന സുപ്രീംകോടതി വിധിയിൽ സൂചിപ്പിച്ച കാര്യം "The Parliament shall have the explosive power to legislate with respect to bank.....

മി. സ്പീക്കർ: ഇവിടെ വിജ്ഞാനമൊന്നും പകരേണ്ട. This is not allowed. You can put the question.....പാർലമെന്റിലെ കാര്യങ്ങൾ ഇവിടെ വായിക്കേണ്ട കാര്യമില്ല. ചോദ്യോത്തര വേളയിൽ ഇതൊന്നും അനുവദനീയമല്ല.

ശ്രീ. എം. വി. ജയരാജൻ: ഇതൊഴിച്ചുള്ള പവർ മാത്രമേയുള്ളൂ എന്ന് വ്യക്തമായി പറഞ്ഞിട്ടുണ്ട്. നിർദ്ദിഷ്ട ഭേദഗതി വന്നുകഴിഞ്ഞാൽ വരാൻ പോകുന്ന പ്രശ്നം, ക്ലാസ് 8-ൽ പറയുന്നത് പ്രകാരം ബാങ്കിംഗ് ഇതര പ്രവർത്തനങ്ങൾ സഹകരണ മേഖലയിൽ നടത്താൻ പറ്റില്ല. വിദേശ മലയാളികളുടെ നിർദ്ദിഷ്ട ബാങ്ക് തന്നെ മറ്റ് വ്യാപാരം കൂടി നടത്തേണ്ടി വരും. അതിനൊക്കെ എതിരായി നിൽക്കുന്ന ബാങ്കിംഗ് റെഗുലേഷൻ ആക്ടിന്റെ നിർദ്ദിഷ്ട ഭേദഗതിക്കെതിരായി കേരളത്തിലെ സഹകാരികളേയും ജനങ്ങളേയും അണിനിരത്തി നിയമസഭതന്നെ ഒറ്റക്കെട്ടായി ഒരു പ്രമേയം അവതരിപ്പിക്കാനും അതു പാസ്സാക്കി കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്താനും അങ്ങ് തയ്യാറാകുമോ?

ശ്രീ. എം. വി. രാഘവൻ: സർ, ഞാൻ ഒരു ഭരണഘടനാ വിദഗ്ദ്ധനല്ലാത്തതു കൊണ്ട് ഫെഡറൽ വ്യവസ്ഥയ്ക്ക് എതിരാണോ എന്നൊന്നും ഇപ്പോൾ പറയാൻ പറ്റില്ല. Banking Regulation Act കേന്ദ്രഗവൺമെന്റിന്റെ പരിധിയിൽപ്പെട്ടതാണ്. അതിന് ഭേദഗതിയുമുണ്ട്. ബാങ്ക് എന്ന് പേരുള്ളത് അവരുടെ നിയന്ത്രണത്തിൽ വേണമെന്നാണ് കേന്ദ്ര ഗവൺമെന്റിന്റെ വാദം. കോ-ഓപ്പറേറ്റീവ് ബാങ്കുകളെ മുമ്പ് Banking Regulation Act-ൽ നിന്നും ഒഴിവാക്കിയ സാഹചര്യം ഉണ്ട്. അത് വീണ്ടും മാറ്റുന്നത് തെറ്റാണെന്നാണ് സംസ്ഥാന ഗവൺമെന്റിനെ അറിയിച്ചിട്ടുള്ളത്.

ശ്രീ. എം. എ. വാഹീദ്: സർ, ഏറ്റവും കൂടുതൽ ഗൾഫ് മലയാളികളുള്ള പ്രദേശങ്ങളിലൊന്നാണ് കഴക്കൂട്ടം. കഴക്കൂട്ടം കേന്ദ്രമാക്കി ഗൾഫ് മലയാളികളുടെ ബാങ്ക് തുടങ്ങുകയാണെങ്കിൽ ആവശ്യമുള്ള ഷെയർ ക്യാപ്പിറ്റൽ സംഘടിപ്പിച്ചുതരാൻ തയ്യാറാണ്. അതിന് സർക്കാർ തയ്യാറാകുമോ?

ശ്രീ. എം. വി. രാഘവൻ: കഴക്കൂട്ടം ബാങ്കിന്റെ കാര്യം വേറെ ചോദിച്ചാൽ നമുക്ക് ആലോചിക്കാം.

ഡോ. തോമസ് ഐസക്: സർ, ബഹുമാനപ്പെട്ട മന്ത്രി നൽകിയ ഉത്തരത്തിൽ നിന്നും ഞാൻ മനസ്സിലാക്കുന്നത് സഹകരണമേഖലയിൽ ഇത്തരത്തിൽ ഒരു എൻ.ആർ.ഐ. ബാങ്ക് അനുവദിക്കുന്നതിന് ആർ. ബി. ഐ. എതിരാണെന്നാണ്. സഹകരണ നിയമത്തിന്റെ അടിസ്ഥാനത്തിലല്ല, കമ്പനി നിയമത്തിന്റെ അടിസ്ഥാനത്തിലാണ് ബാങ്ക് രൂപീകരിക്കേണ്ടതെന്നാണ് പറഞ്ഞിട്ടുള്ളത്. എന്താണ് ഇതിന് ആർ. ബി. ഐ. പറഞ്ഞിരിക്കുന്ന ന്യായമെന്ന് ബഹുമാനപ്പെട്ട മന്ത്രി വിശദമാക്കുമോ?

ശ്രീ. എം. വി. രാഘവൻ: ആർ. ബി. ഐ. പറയുന്ന ന്യായം, സഹകരണ ബാങ്കുകളെന്നു പറയുന്നത് ഇത്രയും വലിയ നിലയിൽ നടത്താൻ സാധിക്കില്ല, ഇത്രയും വലിയ ഡെപ്പോസിറ്റ് വാങ്ങിയിട്ട് തിരിച്ചുകൊടുക്കുമെന്നുള്ളതിനു വലിയ ഗ്യാരന്റിയൊന്നുമില്ല എന്നാണ്. അതുകൊണ്ടാണ് അവർ കമ്പനി ആക്ടനുസരിച്ച് രജിസ്റ്റർ ചെയ്യാൻ പറയുന്നത്. അതിനാണ് അവർ 200 കോടി രൂപയുടെ ഷെയർ വേണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നത്.

ശ്രീ. വർക്കല കഹാർ: സർ, നമുക്ക് ഏറ്റവും കൂടുതൽ വിദേശനാണ്യം നേടിത്തരുന്നവർ, അതുപോലെതന്നെ നമ്മുടെ സമ്പദ്ഘടനയെ സമ്പുഷ്ടമാക്കിയവർ, നമ്മുടെ ബാങ്കിനെ സമ്പുഷ്ടമാക്കിയവർ അവരുടെ നിക്ഷേപങ്ങളാണ് നമ്മുടെ ദേശസാൽകൃത ബാങ്കുകളെ സമ്പുഷ്ടമാക്കിയത്. പക്ഷേ അതിനനുസരിച്ച് തിരിച്ച് ഗൾഫ് മലയാളികൾക്ക് വേണ്ടി ഒന്നും ചെയ്യാൻ കഴിയുന്നില്ല. നിഷേധാത്മകമായ ഒരു നിലപാടാണ് വിദേശ മലയാളികളുടെ കാര്യത്തിൽ കേന്ദ്രഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. പുതിയ സഹകരണ സംഘം ആരംഭിക്കുക വഴി അവർക്ക് തൊഴിൽ സംരംഭങ്ങൾ ആരംഭിക്കാൻ, മൊത്തത്തിൽ അവരുടെ ഭാവിയെ ലാക്കാക്കിയുള്ള എന്തെല്ലാം പദ്ധതികൾ ആവിഷ്കരിക്കാൻ കഴിയും?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. വി. രാഘവൻ: അങ്ങനെയൊരു ബാങ്ക് രൂപീകരിക്കുകയാണെങ്കിൽ വിദേശത്തുനിന്നും തിരിച്ചുവരുന്ന മലയാളികളുടെ തൊഴിലവസരങ്ങളും വ്യവസായ സംരംഭങ്ങളും അതുപോലെതന്നെ കേരളത്തിലെ ഡെവലപ്പ്മെന്റ് പ്രോഗ്രാം ഇവ എല്ലാംതന്നെ നിർവഹിക്കാനുള്ള വൻതോതിലുള്ള ഡെപ്പോസിറ്റ് കിട്ടുമെന്നാണ് ഗവൺമെന്റ് മനസ്സിലാക്കുന്നത്.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, വിദേശത്തുനിന്നും ഏകദേശം 10 ലക്ഷത്തോളം മലയാളികൾ ഇന്ന് കേരളത്തിൽ സെറ്റിൽ ചെയ്തിട്ടുണ്ട്. ഇവരുടേതായി ഏകദേശം 5000 കോടി രൂപയോളം (immigration deposit ആയി കൊടുത്തത്) കേന്ദ്ര ഗവൺമെന്റിൽ ഉണ്ട്. ഈ സംഖ്യ ഈ ബാങ്കിലേക്ക് കൊണ്ടുവരാനും അതുവഴി ഇവിടേക്ക് മടങ്ങി വന്ന പ്രവാസികളെ സംരക്ഷിക്കാനും ശ്രമിക്കുമോ?

ശ്രീ. എം. വി. രാഘവൻ: അതെല്ലാം ബാങ്ക് രജിസ്റ്റർ ചെയ്തു കഴിഞ്ഞതിനു ശേഷം ആലോചിക്കേണ്ട പ്രശ്നമാണ്.

ശ്രീ. ടി. എൻ. പ്രതാപൻ: സർ, നമ്മുടെ സമ്പദ്ഘടനയെ ഏറ്റവുമധികം സ്വാധീനിക്കുന്ന വിഭാഗമാണ് വിദേശമലയാളികളെന്നറിയാം. സാധാരണക്കാരായ വിദേശ മലയാളികൾ ഇന്ന് സഹകരണ ബാങ്കുകളിലുൾപ്പെടെ ഏതെങ്കിലും തരത്തിലുള്ള വായ്പയ്ക്കുവേണ്ടി ശ്രമിക്കുമ്പോൾ ഉദാരമായ ഒരു സമീപനം അവരോടില്ല. അതു കൊണ്ട് വായ്പയ്ക്കുവേണ്ടി സഹകരണ മേഖലയെ സമീപിക്കുന്ന വിദേശ മലയാളികളോട് ഉദാരമായ നയം സ്വീകരിക്കുവാൻ പ്രത്യേകം നിർദ്ദേശം കൊടുക്കുമോ?

ശ്രീ. എം. വി. രാഘവൻ: ഉദാരമായ സഹായം ചെയ്യാൻ വേണ്ടി തീർച്ചയായും നിർദ്ദേശിക്കാം. ഇപ്പോൾത്തന്നെ 500 കോടി രൂപ സഹകരണ മേഖലയിൽ കെട്ടിക്കിടക്കുകയാണ്.

ശ്രീ. പി. ജയരാജൻ: സർ, വിദേശ മലയാളികളുടെ സഹകരണ ബാങ്ക് രൂപീകരിക്കുന്നതിന് റിസർവ് ബാങ്കിന്റെ Banking Regulation Act ആണ് തടസ്സമെന്നാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞിട്ടുള്ളത്. വിദേശ മലയാളികളുടെ വോട്ടിംഗ് പ്രശ്നവും ഇപ്പോൾ വലിയ ചർച്ചാ വിഷയമാണ്. സഹകരണ നിയമ പ്രകാരം കേരളത്തിൽ താമസിക്കുന്നവർക്ക് മാത്രമേ സഹകരണ സ്ഥാപനത്തിൽ അംഗത്വം നൽകാനാവൂ. ആ നിലയിൽ non resident ആയിട്ടുള്ള വിദേശ മലയാളികൾക്കു വേണ്ടി സഹകരണസംഘം രൂപീകരിക്കുന്നതിന് സഹകരണ നിയമത്തിൽ എന്തെങ്കിലും തടസ്സമുണ്ടോ എന്നുള്ളതിന് നിയമോപദേശം കിട്ടിയിട്ടുണ്ടോ; അതിന്റെ അടിസ്ഥാനത്തിലാണോ ഈ സംഘം രൂപീകരിക്കുന്നത്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. വി. രാഘവൻ: കേരളത്തിൽ ഇപ്പോഴുള്ള സഹകരണസംഘത്തിലും അവരുടെ ഡെപ്പോസിറ്റ് ഉണ്ട്. പുറത്തുള്ള ബാങ്കുകളിൽ ഡെപ്പോസിറ്റ് ചെയ്യുന്ന പണം സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങൾക്കുവേണ്ടി ഉപയോഗിക്കാനാണിത്. അതിന് റിസർവ് ബാങ്കിന്റെ അനുവാദം വേണമെന്ന അവരുടെ നിർദ്ദേശമനുസരിച്ച് ചെയ്തിട്ടുണ്ട്.

ശ്രീ. കെ. ബാബു: സർ, ഇതുപോലൊരു ബാങ്ക് തുടങ്ങുന്നതു സംബന്ധിച്ച് വിദേശ മലയാളി സംഘടനകളുമായി എന്തെങ്കിലും ചർച്ചകൾ നടത്തിയിട്ടുണ്ടോ; സമാന സ്വഭാവമുള്ള ബാങ്കുകൾ ഇന്ത്യയിൽ ഏതെങ്കിലും സംസ്ഥാനത്ത് നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ?

ശ്രീ. എം. വി. രാഘവൻ: വിദേശമലയാളികൾ ജിമ്മിലുന്നയിച്ചതിന്റെ അടിസ്ഥാനത്തിലാണ് ഇതിന് തുടർച്ചയായി നടപടിയെടുത്തത്. അതിനു സമാനമായ ബാങ്കുകളുണ്ടോയെന്നറിയില്ല.

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, കേരളത്തിന്റെ സമ്പദ്ഘടനയുടെ വികസനത്തിന് വിദേശമലയാളികൾ വലിയ പങ്ക് വഹിച്ചു വരികയാണ്. ഈ ഒരവസ്ഥ പരിഗണിച്ച് വ്യവസായ സംരംഭങ്ങൾക്ക് ഇൻവെസ്റ്റ് ചെയ്യാൻ കഴിയാവുന്ന നിലയിൽ ഒരു സ്കീം ഇതുമായി ബന്ധപ്പെട്ടുകൊണ്ട് തയ്യാറാക്കാൻ ഗവൺമെന്റ് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ശ്രീ. എം. വി. രാഘവൻ: സ്കീമിനൊന്നും യാതൊരു ബുദ്ധിമുട്ടുമില്ല. പല സ്കീമുകളും നമുക്കുണ്ടാക്കാം. ഇവിടെ അതല്ല പ്രശ്നം. രജിസ്ട്രേഷൻ കിട്ടാനുള്ള വൈതരണി കടന്നുകിട്ടലാണ്.

ശ്രീ. കെ. കെ. ഷാജു: സർ, വിദേശ മലയാളികൾക്ക് സഹകരണ ബാങ്ക് ആരംഭിക്കാൻ റിസർവ് ബാങ്കിന്റെ തടസ്സമുണ്ട്, അനുമതി ലഭിക്കുന്നില്ല എന്ന് പറഞ്ഞു. വിദേശ മലയാളികളുടെ നിക്ഷേപം ഇപ്പോൾ പ്രധാനമായും നാഷണലൈസ്ഡ് ബാങ്കുകളിലാണ് വന്നുകൊണ്ടിരിക്കുന്നത്. നിലവിൽ റിസർവ് ബാങ്കിന്റെ തടസ്സം നിലനിൽക്കുന്നതിനാൽ വിദേശ മലയാളികളുടെ നിക്ഷേപം കൂടുതൽ സ്വീകരിക്കാനാവശ്യമായ മറ്റേതെങ്കിലും മാർഗ്ഗം സ്വീകരിക്കുമോ?

ശ്രീ. എം. വി. രാഘവൻ: ആകർഷകമായ നടപടിയാണ് ഇത്.

ശ്രീ. സി. കെ. നാണു: സർ, ഇവിടെ ഡെപ്പോസിറ്റ് ചെയ്യുന്ന പണത്തിന്റെ പലിശ അടിക്കടി കുറഞ്ഞുവരുന്നു. റിസർവ് ബാങ്കിന്റെയും കേന്ദ്ര ഗവൺമെന്റിന്റേയും നയം നമ്മുടെ നാട്ടിലെ സാധാരണ ബാങ്കുകളിലും സഹകരണ മേഖലയിലുമൊക്കെ ഡെപ്പോസിറ്റ് കൊണ്ടുവരുന്നതിന് സഹായകരമായിട്ടുള്ളതാണോ; അതോ

വിദേശത്തടക്കം പ്രത്യേകിച്ചും സമ്പന്ന രാജ്യങ്ങളിൽ ലഭിക്കുന്ന പലിശയുമായി ഏതാണ്ട് സമാനമാണോ, ദേശാൽകൃത ബാങ്കുകളിലേക്ക് ഡെപ്പോസിറ്റ് ചെയ്യുന്നതിനെ നിരുൽസാഹപ്പെടുത്തുന്ന ഒരു സമീപനം പുതിയ ഇന്ത്യാ ഗവൺമെന്റിന്റെ സാമ്പത്തിക നയത്തിന്റെ ഭാഗമായിട്ടുണ്ടോ?

<u>ശ്രീ. എം. വി. രാഘവൻ:</u> അതിനെപ്പറ്റി ഒരു വിദഗ്ദ്ധാഭിപ്രായം പറയാൻ സാധിക്കില്ല. ലോകത്ത് മുഴുവനും പലിശ കുറഞ്ഞുവരികയാണ്. അപ്പോൾ സ്വാഭാവികമായും ഇവിടെയും കുറയും. ജപ്പാനിൽ ഇപ്പോൾ പലിശ അങ്ങോട്ട് കൊടുത്താലേ ഡെപ്പോസിറ്റുള്ളൂ എന്നാണ് പറയുന്നത്.

<u>ശ്രീ. കെ. എൻ. എ. ഖാദർ:</u> സർ, വിദേശ മലയാളികൾക്കുവേണ്ടി ഒരു ബാങ്ക് രൂപീകരിക്കുന്നതിനെക്കുറിച്ച് ആലോചിക്കുമ്പോൾത്തന്നെ കേരളത്തിലെ നാഷണലൈസ്ഡ് ബാങ്കുകളിൽ 60,000 കോടി രൂപ ഡെപ്പോസിറ്റായിട്ട് കിടപ്പുണ്ട്. 45.47% മാത്രമേ വായ്പ കൊടുക്കുന്നുള്ളൂ. ആ അവസ്ഥ മാറ്റണം. അതുപോലെ വിദേശ മലയാളികൾക്കുവേണ്ടി ആരംഭിച്ച പദ്ധതികളിൽ വിദേശ മലയാളികൾക്കും അവരുടെ ആശ്രിതർക്കും മാത്രമായി ജോലി നൽകേണ്ടത് ആവശ്യമാണ്. അതുപോലെ ശമ്പളം കൊടുക്കുന്ന ആളിനാണ് നിയമനത്തിനുള്ള അവകാശം. ഇപ്പോൾ ബാങ്ക് ശമ്പളം കൊടുക്കുകയും പി. എസ്. സി. നിയമിക്കുകയും ചെയ്യുന്ന ഒരവസ്ഥയുണ്ട്. അത് ഈ ബാങ്കിൽ സംഭവിക്കാതിരിക്കാനുള്ള നടപടി സ്വീകരിക്കുമോ?

<u>ശ്രീ. എം. വി. രാഘവൻ:</u> അതും ഇതുമായി ഒരു ബന്ധവുമില്ല. പി.എസ്.സി. യാണ് ഇപ്പോൾ ജില്ലാ ബാങ്കിലും സ്റ്റേറ്റ് ബാങ്കിലും മറ്റ് അപ്പെക്സ് സ്ഥാപനങ്ങളിലും നിയമനം നടത്തുന്നത്. മറ്റ് ബാങ്കുകളിൽ നിയമനം നടത്തുന്നത് റിക്രൂട്ട്മെന്റ് ബോർഡാണ്, പി.എസ്.സി. അല്ല.

<u>ശ്രീ. ടി. കെ. ദേവകുമാർ:</u> സർ, നിക്ഷേപ വായ്പാ അനുപാതം സംസ്ഥാനത്ത് കുറഞ്ഞുവരുന്ന സാഹചര്യത്തിൽ വിദേശ മലയാളികളുടെ സഹകരണ സ്ഥാപനമുണ്ടാക്കുകയും അവരുടെ നിക്ഷേപം അവിടേയ്ക്ക് കൊണ്ടുവരികയും ചെയ്താൽ വികസന പ്രവർത്തനത്തിന് ഉപയോഗിക്കാമെന്നുള്ളതുകൊണ്ടുതന്നെ കേന്ദ്ര ഗവൺമെന്റിൽ കൂടുതൽ സമ്മർദ്ദം ചെലുത്താൻ ഒരു പ്രമേയം അവതരിപ്പിക്കുമോ എന്നൊരു ചോദ്യം ഉയർന്നുവന്നു. ബഹുമാനപ്പെട്ട മന്ത്രി ശ്രീ. എം. എം. ഹസ്സനുൾപ്പെടെ കേരളത്തിലെ മൂന്നുനാല് മന്ത്രിമാരും എം. പി. മാരും ഡൽഹിയിൽ പോയി വിദേശത്ത് തൊഴിൽ തേടി പോകുന്നവരുടെ സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് കേരളത്തിൽ ഒരു സ്ഥാപനമുണ്ടാക്കണമെന്ന് പറഞ്ഞു. കേന്ദ്ര ഗവൺമെന്റ് അതിന് ഉറപ്പുതന്നു. ഇന്ന് അവിടെ ആളുകളെ ഓടിച്ചിട്ടടിച്ചു. ഞാനത് ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരികയാണ്. നമുക്ക് തരുന്ന ഉറപ്പ് ഇങ്ങനെയാണ്. അതുകൊണ്ട് കേന്ദ്ര ഗവൺമെന്റ് വിദേശ

LIBRARY ARCHIVES Kerala Legislative Assembly

മലയാളികളോട് എടുക്കുന്ന സമീപനത്തിൽ മാറ്റം വരുത്തണമെന്നും സഹകരണ സ്ഥാപനം രൂപീകരിക്കുന്നതിനുൾപ്പെടെ ക്രിയാത്മകമായ സമീപനം സ്വീകരിക്കണമെന്നും ആവശ്യപ്പെടുന്ന ഒരു പ്രമേയം നിയമസഭ ഏകകണ്ഠമായി പാസ്സാക്കി കേന്ദ്ര ഗവൺമെന്റിനെ അറിയിക്കാൻ തയ്യാറാകുമോ?

മി. സ്പീക്കർ: ബഹുമാനപ്പെട്ട മെമ്പർക്കും പ്രമേയം കൊണ്ടുവരാം.

ശ്രീ. ടി. കെ. ദേവകുമാർ: ഞാൻ പ്രമേയം കൊണ്ടുവരും.

ശ്രീ. എം. എം. ഹസ്സൻ: സർ, ഇതു സംബന്ധിച്ച് ശ്രീ. സി. പി. മുഹമ്മദ് ഒരു സബ്മിഷൻ കൊടുത്തിട്ടുണ്ട്. ആ സെന്റർ തുടങ്ങുന്നതിനെ സംബന്ധിച്ച വിവരം അപ്പോൾ സഭയെ അറിയിക്കുന്നതാണ്.

ശ്രീ. സി. മോയിൻകുട്ടി: വിദേശ മലയാളികൾക്കുവേണ്ടി ഒരു സഹകരണ സംഘം ആരംഭിക്കുമെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് നല്ല കാര്യമാണ്. പ്രാദേശിക സഹകരണ സംഘങ്ങളിൽ ഇത്തരം നിക്ഷേപങ്ങൾ കൊണ്ടുവരുന്നതിനും അവർക്ക് പ്രത്യേകമായ, ആകർഷകമായ പലിശയും മറ്റ് സൗകര്യങ്ങളും ലഭ്യമാക്കുന്നതിനും വേണ്ടിയുള്ള നടപടികൾ നവീകരിക്കുന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിച്ചിട്ടുണ്ടോ?

മി. സ്പീക്കർ: ഇതെല്ലാം ഇവിടെ പറഞ്ഞ കാര്യങ്ങൾ തന്നെയാണ്.

ശ്രീ. എം. വി. രാഘവൻ: പ്രാദേശിക സഹകരണസംഘങ്ങൾ ഇപ്പോൾത്തന്നെയുണ്ട്. നിക്ഷേപ സമാഹരണത്തിന് അവരെയെല്ലാം സമീപിക്കുന്നുമുണ്ട്.

ശ്രീ. കെ. വി. കുഞ്ഞിരാമൻ: പ്രവാസി മലയാളികൾക്ക് ഒരു സഹകരണസംഘം എന്നുള്ള സങ്കല്പം നല്ലതാണ്. ബാങ്ക് ഇല്ലാത്തതുകൊണ്ട് മാത്രമല്ല പ്രവാസി മലയാളികളിൽതന്നെ Project ചെയ്യപ്പെടുന്നവർ, വൻനിക്ഷേപ സാദ്ധ്യതയുള്ള വൻകിടക്കാരായിട്ടുള്ളവർ ഒരു ചെറിയ ന്യൂനപക്ഷമാണ്. അതായത് 10 ശതമാനം ആളുകൾ മാത്രമേയുള്ളൂ. മഹാഭൂരിപക്ഷവും വല്ലാതെ കഷ്ടപ്പെടുന്നവരാണ്. അവരെ ലക്ഷ്യം വച്ചുകൊണ്ട് ഈ ബാങ്ക് തീർച്ചയായും ആരംഭിക്കേണ്ടതാണ്. റിസർവ് ബാങ്കിന്റെ മുമ്പാകെ സഹകരണ ബാങ്കിന്റെ അംഗീകാരത്തിനുവേണ്ടി സമർപ്പിച്ച രേഖയിൽ ഈ വിഭാഗത്തെ ഏതൊക്കെ നിലയിൽ സഹായിക്കാൻ കഴിയുന്ന എന്തെന്തു ഗൗരവമായ നിർദ്ദേശങ്ങളാണ് അങ്ങ് സമർപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ശ്രീ. എം. വി. രാഘവൻ: വ്യവസായ സംരംഭത്തിനും തൊഴിലവസരങ്ങൾ ഉണ്ടാക്കുന്നതിനും ലോൺ കൊടുക്കുന്നതിനും വിദേശത്തുനിന്നും നാട്ടിൽ വന്നു താമസിക്കുന്നവരെ സഹായിക്കുന്നതിനുമൊക്കെ സഹായകരമായ പ്രാഥമികമായിട്ടുള്ള ഒരു പ്രോജക്ട് റിപ്പോർട്ട് കൊടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ: വിദേശ മലയാളി ബാങ്കിന് കേന്ദ്ര ഗവൺമെന്റിന്റെ അല്ലെങ്കിൽ റിസർവ് ബാങ്കിന്റെ അനുമതി ആവശ്യമാണെന്നു പറഞ്ഞു. റിസർവ് ബാങ്കിന്റെ അനുമതിക്ക് വിധേയമാണ് Banking Regulation Act. കേരളത്തിൽ ഇപ്പോൾ പ്രവർത്തിക്കുന്ന അർബൻ ബാങ്കുകൾ എല്ലാം തന്നെ ഈ റെഗുലേഷൻ ആക്ടിനു വിധേയമായി പ്രവർത്തിക്കുന്നതാണ്. അതിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള സഹകരണ പ്രസ്ഥാനങ്ങൾക്കോ സഹകരണ ബാങ്കുകൾക്കോ ഇത് ദോഷകരമായി ബാധിക്കുമ്പോൾ ഇന്നലെകളിലെ അർബൻ ബാങ്കുകളുടെ അനുഭവം എങ്ങനെ എന്നതിനെ സംബന്ധിച്ച് പഠിച്ചിട്ടുണ്ടോ? Co-operative Company's Act കേന്ദ്ര ഗവൺമെന്റ് പാസ്സാക്കിയിട്ടുണ്ട്. മൾട്ടി കോ-ഓപ്പറേറ്റീവ് ആക്ട് നിലവിലുണ്ട്. ഈ ആക്ടുകൾക്ക് വിധേയമായി മറ്റു സംസ്ഥാനങ്ങൾ കൂടി പ്രവർത്തന പരിധിയാക്കി, കേരളം അതിന്റെ ആസ്ഥാനമാക്കി വിദേശമലയാളി ബാങ്ക് ആരംഭിക്കുവാൻ ശ്രമിക്കുമോ?

ശ്രീ. എം. വി. രാഘവൻ: ഇപ്പോൾ വിദേശമലയാളികൾ എന്നല്ല വിദേശത്തുള്ള ഇന്ത്യക്കാർ എന്നാണ് പറയുന്നത്. പക്ഷേ നമ്മൾ പ്രതീക്ഷിക്കുന്നത് വിദേശമലയാളികളെ തന്നെയാണ്. അതിനു ബാങ്കിംഗ് റെഗുലേഷൻ ആക്ടിന്റെ പരിധിയിലേ പ്രവർത്തിക്കാൻ കഴിയൂ, ഇല്ലെങ്കിൽ വിദേശത്തു നിന്നും ഡെപ്പോസിറ്റ് സ്വീകരിക്കാൻ കഴിയില്ല.

ശ്രീ. എ. സി. ഷൺമുഖദാസ്: നമ്മുടെ സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളെ സംബന്ധിച്ച് നമുക്ക് ലക്ഷ്യവും സങ്കല്പവുമുണ്ട്. എന്നാൽ ഇന്ന് സഹകരണ സ്ഥാപനങ്ങളിൽ വലിയ പങ്കും ധനകാര്യ സ്ഥാപനങ്ങളായി, ബാങ്കിംഗ് സ്ഥാപനങ്ങളായി മാറുകയാണ്. അതുകൊണ്ട് അതിന്റേതായ പ്രയാസങ്ങളുമുണ്ട്. സ്വാഭാവികമായും റിസർവ് ബാങ്കിന്റെയും ഇന്ത്യാ ഗവൺമെന്റിന്റേയും ധനകാര്യ സ്ഥാപനങ്ങൾ കൊണ്ടുവരുന്ന നിയന്ത്രണങ്ങൾ പലതും ക്രമേണ സഹകരണ സ്ഥാപനങ്ങളിലേക്കും വ്യാപിപ്പിക്കാൻ ഇടവരും. അതുകൊണ്ട് സഹകരണ സ്ഥാപനങ്ങളെന്ന സങ്കല്പത്തിൽനിന്നും ലക്ഷ്യത്തിൽനിന്നും ഒഴിഞ്ഞുമാറാതെ ഈ ബാങ്ക് പ്രവർത്തിപ്പിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ; സഹകരണവകുപ്പ് മാറി മറ്റ് ഡിപ്പാർട്ടുമെന്റുകളുമായി ബന്ധപ്പെട്ടുകൊണ്ട് ഒരു ധനകാര്യ സ്ഥാപനമായി ഇതിനെ മാറ്റിയെടുക്കുന്ന കാര്യം ആലോചിക്കുമോ?

ശ്രീ. എം. വി. രാഘവൻ: സൊസൈറ്റി രജിസ്റ്റർ ചെയ്താൽ പലതും ആലോചിക്കാം.

ശ്രീ. എം. മുരളി: നെടുങ്ങാടി ബാങ്കിന്റെ തകർച്ചയുടെ അനുഭവമുള്ളപ്പോൾ വിദേശമലയാളികളുടെ അധ്വാനത്തിന്റെ ഫലം സ്വരൂപിച്ചെടുത്തുകൊണ്ട് ബാങ്ക് കെട്ടിപ്പടുക്കുമ്പോൾ നിശ്ചയമായും ബാങ്കിംഗ് റെഗുലേഷൻ ആക്ട് പാലിച്ചേ

മതിയാകൂ. ഇല്ലെങ്കിൽ വിശ്വാസ്യത നഷ്ടപ്പെടും. ആരും ഡെപ്പോസിറ്റ് നൽകുകയില്ല. അങ്ങിവിടെ പറഞ്ഞതുപോലെ ഇതിന്റെ സി. ഡി. റേഷ്യോയിലുള്ള അന്തരം കൂടി പരിഗണിച്ചുകൊണ്ട് ഇതിനൊരു പരിഹാരമായിട്ടുകൂടി വിദേശ മലയാളികളുടെ നിക്ഷേപം സ്വീകരിച്ചുകൊണ്ട് അവരുടെ ക്ഷേമപ്രവർത്തനങ്ങൾക്കായി ഒരു മൾട്ടി പർപ്പസ് ബാങ്കായി, ബാങ്കിംഗ് റെഗുലേഷൻസ് ആക്ട് പൂർണ്ണമായും പാലിച്ചുകൊണ്ട്, രജിസ്റ്റർ ചെയ്യാനും അങ്ങനെയൊരു ബാങ്ക് കെട്ടിപ്പടുക്കാനും ഗവൺമെന്റ് മുൻകൈ എടുക്കുമോ?

ശ്രീ. എം. വി. രാഘവൻ: അതുതന്നെയാണ് പറഞ്ഞത് . മൾട്ടി പർപ്പസ് എന്നു പറഞ്ഞാൽ എന്തെല്ലാമാണെന്നും എന്തെല്ലാം ആവശ്യങ്ങൾക്കാണ് എന്നുമുള്ളതിനെപ്പറ്റി പിന്നെ ആലോചിക്കാം.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേനയുള്ള നിയമനങ്ങൾ

*2 [92] ശ്രീ. എം. എ. ചന്ദ്രശേഖരൻ:
,, ഇ. എം. അഗസ്തി:
,, കെ. പി. വിശ്വനാഥൻ:
,, പ്രയാർ ഗോപാലകൃഷ്ണൻ:
,, എൻ. ശക്തൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സർവീസിൽ നിയമനം നടത്തുന്നതിന് ഉദ്യോഗാർത്ഥികളെ ആവശ്യപ്പെട്ടുകൊണ്ട് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലേക്കയക്കുന്ന കത്തുകളോടൊപ്പം പ്രസ്തുത തസ്തികകളിലേക്ക് നിയമനത്തിന് പി.എസ്.സി.-യുടെ റാങ്ക് ലിസ്റ്റ് നിലവിലില്ലെന്ന സർട്ടിഫിക്കറ്റ് ഉള്ളടക്കം ചെയ്തിരിക്കണമെന്ന് വ്യവസ്ഥയുണ്ടോ;

(ബി) എങ്കിൽ ഈ വ്യവസ്ഥ പാലിക്കാത്ത വകുപ്പുകളിലേക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് അധികൃതർ നിയമനത്തിനായി ലിസ്റ്റ് നൽകാറുണ്ടോ;

(സി) എങ്കിൽ ഈ പ്രവൃത്തി ക്രമാനുസൃതമാണോ;

(ഡി) ഇത്തരത്തിലുള്ള സർട്ടിഫിക്കറ്റ് ഹാജരാക്കാതെ നിയമനത്തിനുള്ള ഉദ്യോഗാർത്ഥികളുടെ ലിസ്റ്റ് നൽകരുതെന്ന് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾക്ക് നിർദ്ദേശം നൽകുമോ എന്ന് വ്യക്തമാക്കുമോ?

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ): സർ,

(എ) ഉണ്ട്.

(ബി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly